## പതിമൂന്നാം കേരള നിയമസഭ

### ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ. 290

19/02/2013-ൽ മറുപടിക്ക്

### കുടുംബശ്രീക്ക് സംയോജിത മേൽനോട്ട സമിതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി.എ. മാധവൻ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. വർക്കല കഹാർ | **ഡോ. എം. കെ. മുനീർ**<br>ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| (എ) കുടുംബശ്രീക്ക് സംയോജിത മേൽനോട്ട സമിതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) രൂപീകരിച്ചിട്ടുണ്ട്. കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിനും, ചിട്ടപ്പെടുത്തുന്നതിനുമായി 07/09/2012 ലെ സ.ഉ. (സാധാ) 2538/2012/തസ്വഭവ പ്രകാരം ''കുടുംബശ്രീ സംയോജിത മേൽനോട്ടസമിതി'' രൂപീകരിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. (ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിയ്ക്കുന്നു). നിയമസഭയിലെ 14 സാമാജികരും, കുടുംബശ്രീ എക്സിക്യൂട്ടീവ് വൈസ് ചെയർമാൻ-കൺവീനറായുമാണ് ഈ സമിതി രൂപീകരിച്ചിട്ടുള്ളത്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ ; | (ബി) വിവിധ വകുപ്പുകളുടെ വികസന പദ്ധതികളുടെ ഭാഗമായി നടപ്പിലാക്കുന്ന ദാരിദ്ര്യനിർമ്മാർജ്ജന, സാമൂഹ്യ സുരക്ഷാഉപജീവന പ്രവർത്തനങ്ങൾ സംയോജിപ്പിക്കുക, ഇതിന്റെ ഭാഗമായി ഉണ്ടാവുന്ന പ്രായോഗികവും, നയപരവുമായ പ്രശ്നങ്ങൾ യഥാസമയം മനസ്സിലാക്കി ശുപാർശകളും മാർഗ്ഗനിർദ്ദേശങ്ങളും സർക്കാരിന് നൽകുക എന്നിവയാണ് ''കുടുംബശ്രീ സംയോജിത മേൽനോട്ടസമിതി'' യുടെ പ്രധാന ഉദ്ദേശ ലക്ഷ്യങ്ങൾ. |

(സി) കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനും ചിട്ടപ്പെടുത്തുന്നതിനുമായി എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

(സി) കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ വിപുലീകരിയ്ക്കുന്നതിനും, ചിട്ടപ്പെടുത്തുന്നതിനുമായി താഴെപ്പറയുന്ന കാര്യങ്ങൾ കുടുംബശ്രീ സംയോജിതമേൽനോട്ട സമിതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്: -

1) ഓരോ പഞ്ചായത്ത്/നഗരസഭാ പ്രദേശത്തേയും മുഴുവൻ ദരിദ്രർക്കും പാർശ്വവൽക്കരിക്കപ്പെട്ടവർക്കും, ഉപജീവന അതിജീവന സഹായങ്ങൾ യഥാസമയം ബുദ്ധിമുട്ടുകളും തടസ്സങ്ങളും കൂടാതെ സ്വാഭാവികമായി ലഭിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഉറപ്പാക്കൽ;

2) സർക്കാർ വിവിധ വകുപ്പുകളിലൂടെ നടപ്പിലാക്കുന്ന ദാരിദ്ര്യനിർമ്മാർജ്ജന സാമൂഹ്യ സുരക്ഷ ഉപജീവന പ്രവർത്തനങ്ങൾ കുടുംബശ്രീ സംവിധാനത്തിലൂടെ സംയോജിപ്പിച്ച് മുഴുവൻ അർഹരായവർക്കും അതിന്റെ പ്രയോജനം ലഭ്യമാക്കൽ;

3) ഇക്കാര്യത്തിൽ നിലവിലുള്ള സംസ്ഥാന കുടുംബശ്രീ മിഷനുകൾക്കും, സി.ഡി.എസ്. വിലയിരുത്തൽ സമിതികൾക്കും പിന്തുണയും മാർഗ്ഗനിർദ്ദേശവും നൽകുക.

(ഡി) മേൽനോട്ട സമിതി ഏതെല്ലാം കാര്യങ്ങളിലാണ് വിലയിരുത്തലുകളും, പിന്തുണയും മാർഗ്ഗ നിർദ്ദേശവും നൽകുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം?

(ഡി) മേൽനോട്ടസമിതിയുടെ വിലയിരുത്തലുകളും പിന്തുണയും മാർഗ്ഗനിർദ്ദേശങ്ങളും താഴെപ്പറയുന്ന കാര്യങ്ങളിലാണ് ലഭ്യമാക്കുന്നത്:-

1) വിവിധ വകുപ്പുകളുടെ വികസന പദ്ധതികളുടെ ഭാഗമായി നടപ്പിലാക്കുന്ന ദാരിദ്ര്യ നിർമ്മാർജ്ജന, സാമൂഹ്യസുരക്ഷാ ഉപജീവന പ്രവർത്തനങ്ങൾ സംയോജിപ്പിക്കൽ

2) ഇതിന്റെ ഭാഗമായി ഉണ്ടാകുന്ന പ്രായോഗികവും നയപരവുമായ പ്രശ്നങ്ങൾ യഥാസമയം മനസ്സിലാക്കി ശുപാർശകളും മാർഗ്ഗനിർദ്ദേശങ്ങളും സർക്കാരിന് നൽകൽ.

**സെക്ഷൻ ഓഫീസർ**

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് – കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിനും ചിട്ടപ്പെടുത്തുന്നതിനുമായി "കുടുംബശ്രീ സംയോജിത മേൽനോട്ട സമിതി" രൂപീകരിച്ചുകൊണ്ട് ഉത്തരവാകുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(സാധാ)നം. 2538/2012/തസ്വഭവ. തിരുവനന്തപുരം, തീയതി, 07/09/2012.

---

**ഉത്തരവ്**

കുടുംബശ്രീ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിനും ചിട്ടപ്പെടുത്തുന്നതിനും ചില നടപടികൾ ആവശ്യമാണ്. ഓരോ പഞ്ചായത്ത്/നഗരസഭ പ്രദേശത്തെയും മുഴുവൻ ദരിദ്രർക്കും പാർശ്വവൽക്കരിക്കപ്പെട്ടവർക്കും ഉപജീവന, അതിജീവന സഹായങ്ങൾ യഥാസമയം ബുദ്ധിമുട്ടുകളും തടസങ്ങളും കൂടാതെ സ്വാഭാവികമായി ലഭിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഉറപ്പാക്കേണ്ടതുണ്ട്. സർക്കാർ വിവിധ വികസന വകുപ്പുകളിലൂടെ നടപ്പിലാക്കുന്ന ദാരിദ്ര്യനിർമ്മാർജ്ജന, സാമൂഹ്യ സുരക്ഷാ ഉപജീവന പ്രവർത്തനങ്ങൾ കുടുംബശ്രീ സംവിധാനത്തിലൂടെ സംയോജിപ്പിച്ച് മുഴുവൻ അർഹരായവർക്കും അതിന്റെ പ്രയോജനം ലഭ്യമാക്കേണ്ട ഉത്തരവാദിത്വം കൂടി കുടുംബശ്രീ മിഷനുണ്ട്. ആകയാൽ ഇക്കാര്യത്തിൽ നിലവിലുള്ള സംസ്ഥാന, ജില്ലാ കുടുംബശ്രീ മിഷനുകൾക്കും സി.ഡി.എസ്. വിലയിരുത്തൽ സമിതികൾക്കും പിന്തുണയും മാർഗ്ഗനിർദ്ദേശവും നൽകുന്നതിനുള്ള ഒരു സംവിധാനം അനിവാര്യമാണ് എന്ന് സർക്കാരിന് ബോദ്ധ്യപ്പെട്ടു.

2. മേൽ സാഹചര്യത്തിൽ വിവിധ വകുപ്പുകളുടെ വികസന പദ്ധതികളുടെ ഭാഗമായി നടപ്പിലാക്കുന്ന ദാരിദ്ര്യ നിർമ്മാർജ്ജന, സാമൂഹ്യസുരക്ഷാ ഉപജീവന പ്രവർത്തനങ്ങൾ സംയോജിപ്പിക്കുന്നതിനും ഇതിന്റെ ഭാഗമായി ഉണ്ടാകാവുന്ന പ്രായോഗികവും നയപരവുമായ പ്രശ്നങ്ങൾ യഥാസമയം മനസ്സിലാക്കി ശുപാർശകളും മാർഗനിർദ്ദേശങ്ങളും സർക്കാരിന് നൽകുന്നതിനുമായി ചുവടെ പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി "കുടുംബശ്രീ സംയോജിത മേൽനോട്ട സമിതി" രൂപീകരിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

1. ശ്രീ. എം. വി. ശ്രേയംസ്കുമാർ എം.എൽ.എ (കൽപ്പറ്റ)
2. ശ്രീ. ടി. എൻ. പ്രതാപൻ എം.എൽ.എ (കൊടുങ്ങല്ലൂർ)
3. ശ്രീ. കെ. എം. ഷാജി എം.എൽ.എ (അഴീക്കോട്)
4. ശ്രീ. പാലോട് രവി എം.എൽ.എ (നെടുമങ്ങാട്)
5. ശ്രീ. വി. ഡി. സതീശൻ എം.എൽ.എ (പറവൂർ)
6. ശ്രീ. വി. പി. സജീന്ദ്രൻ എം.എൽ.എ (കുന്നത്തുനാട്)
7. ശ്രീ. ഹൈബി ഈഡൻ എം.എൽ.എ (എറണാകുളം)
8. ശ്രീ. പി. സി. വിഷ്ണുനാഥ് എം.എൽ.എ (ചെങ്ങന്നൂർ)
9. ശ്രീ. അൻവർ സാദത്ത് എം.എൽ.എ (ആലുവ)
10. ശ്രീ. ഷാഫി പറമ്പിൽ എം.എൽ.എ (പാലക്കാട്)

11. ശ്രീ. വി. ടി. ബൽറാം എം.എൽ.എ (തൃത്താല)
12. ശ്രീമതി. ഗീതാഗോപി എം.എൽ.എ (നാട്ടിക)
13. പ്രൊഫ. സി. രവീന്ദ്രനാഥ് എം.എൽ.എ (പുതുക്കാട്)
14. ഡോ. എൻ. ജയരാജ് എം.എൽ.എ (കാഞ്ഞിരപ്പള്ളി)
15. ശ്രീമതി. അരുണ സുന്ദരരാജൻ ഐ.എ.എസ് (എക്സിക്യൂട്ടീവ് വൈസ് ചെയർമാൻ, കുടുംബശ്രീ) - കൺവീനർ

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം.**
**വി. എസ്. സെന്തിൽ**
**പ്രിൻസിപ്പൽ സെക്രട്ടറി**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്, കേരളം)
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
(കമ്മിറ്റിയുടെ ചുമതലകളും പ്രവർത്തനങ്ങളും സംബന്ധിച്ച മാർഗ്ഗ നിർദ്ദേശം കുടുംബശ്രീ എക്സിക്യൂട്ടീവ് വൈസ്ചെയർമാനുമായി കൂടിയാലോചിച്ച് തയ്യാറാക്കി സർക്കാരിന് സമർപ്പിക്കേണ്ടതാണ്)
എല്ലാ അംഗങ്ങൾക്കും (ആമുഖ കത്ത് സഹിതം)
നഗരകാര്യവകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരളാമിഷൻ, പാങ്ങപ്പാറ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**